# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5862**

**30-7-2015** ലെ മറുപടിക്ക്

## അശരണർക്ക് ആശ്വാസം നൽകുന്നതിന് പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.മുരളീധരൻ
,, ടി. എൻ പ്രതാപൻ
,, വി. ഡി സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാരിന്റെ കാലത്ത് അശരണർക്ക് ആശ്വാസം നൽകുന്നതിൽ സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്;

(എ) ഈ സർക്കാരിന്റെ കാലത്ത് അശരണർക്ക് ആശ്വാസം നൽകുന്നതിൽ സഹകണ മേഖല ചുവടെ ചേർക്കുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

1. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ് പദ്ധതി' നടപ്പിലാക്കി.
2. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്ത് മരണപ്പെടുന്നവരുടെയും മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെയും ബാധ്യത നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതിനുള്ള പദ്ധതിയായ റിസ്ക് ഫണ്ട് പദ്ധതി പരിഷ്ക്കരിച്ചു.
3. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് 3% പ്രാതിനിധ്യം ഏർപ്പെടുത്തി.
4. അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രതിമാസ ബത്ത വർദ്ധിപ്പിച്ചു.
5. പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി.
6. സഹകരണ സംഘങ്ങളിലൂടെ 3 സെന്റും അതിന് മുകളിലും കൈവശ വസ്തു ഉള്ള

അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

7. സ്വകാര്യ പണമിടപാടുകാരുടെയും അമിത പലിശക്കാരുടെയും ചൂഷണത്തിൽ നിന്ന് സാധാരണക്കാരെ വിമുക്തമാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കി.
8. വിധവകൾക്ക് സഹകരണ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിക്കാൻ തീരുമാനിച്ചു.

ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തത് ;

(ബി) ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആശ്വാസ് പദ്ധതി, 2011, 2012, 2014, 2015 എന്നീ വർഷങ്ങളിൽ നടപ്പിലാക്കി.
2. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എടുത്ത് മരണപ്പെടുന്ന വായ്പക്കാരുടെ വായ്പാ ബാധ്യത എഴുതത്തള്ളുന്നതിനുള്ള പരിധി 1 ലക്ഷം രൂപയിൽനിന്നും 1.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കാൻസർ, പരാലിസിസ് രോഗികൾക്കും, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും, കിഡ്നി സംബന്ധിച്ച രോഗമുള്ളവർക്കും, എയ്ഡ്സ് രോഗബാധയുള്ളവർക്കും മുതൽ ഇനത്തിൽ 75,000/– രൂപയും, പലിശയും വായ്പാ ബാധ്യതയിൽ നിന്നും എഴുതിതള്ളുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.
3. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യ മുള്ളവർക്ക് 3% പ്രാതിനിധ്യം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
4. അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രതിമാസ ബത്ത

വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5. പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഉത്സവ കാലങ്ങളിൽ സബ്സിഡിയോടുകൂടി പ്രത്യേക ചന്തകൾ നടത്തുകയും നന്മ സ്റ്റോറുകൾ വഴി അവശ്യ സാധനങ്ങൾ 20% വരെ വിലക്കുറവിൽ ലഭ്യമാക്കുകയും ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ഫ്ളോട്ടിംഗ് ത്രിവേണികൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും ചെയ്തു.
6. സഹകരണ സംഘങ്ങളിലൂടെ 3 സെന്റും അതിന് മുകളിലും കൈവശ വസ്തു ഉള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.
7. സ്വകാര്യ പണമിടപാടുകാരുടെയും അമിത പലിശക്കാരുടെയും ചൂഷണത്തിൽ നിന്ന് സാധാരണക്കാരെ വിമുക്തമാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക വായ്പാപദ്ധതി ആവിഷ്ക്കരിക്കുകയും നിലവിലുള്ള വായ്പാ വിതരണ വ്യവസ്ഥകളും, മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കുകയും ചെയ്തു.
8. വിധവകൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതിനായി സഹകരണ ചട്ടം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ച

സി) പദ്ധതികൾ നടപ്പിൽ വരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

(സി) പദ്ധതികൾ നടപ്പിൽ വരുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സർക്കുലർ നിർദ്ദേശം

നൽകി. 2011, 2012, 2014 വർഷങ്ങളിലായി 935.14 കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകി.

2. സർക്കാരിന്റെ 30.03.2012 ലെ സ.ഉ.(കൈ) 42/2012/സഹ നമ്പർ പ്രകാരം റിസ്ക് ഫണ്ട് പദ്ധതി പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് 3% പ്രാതിനിധ്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 11/2013 സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
4. അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രതിമാസ ബത്ത വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ 14.06.13 ലെ സ.ഉ.(സാധ) 382/2013/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.
5. ഉൽസവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി 13 ഇനം സാധനങ്ങൾ 20% വരെ വിലക്കുറവിൽ നൽകുന്നു. കൂടാതെ 6 ഇനം അവശ്യ സാധനങ്ങൾ 5% വരെ വിലക്കുറവിൽ നന്മ സ്റ്റോറുകൾ വഴി വർഷം മുഴുവനും ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 892 നന്മാ സ്റ്റോറുകൾ, 77 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ, 5 ഫ്ളോട്ടിംഗ് ത്രിവേണികൾ, 139 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും. 41,616 ഉൽസവകാല വിപണന കേന്ദ്രങ്ങൾ നടത്തുകയും. ത്രിവേണി മിനറൽ വാട്ടർ വിപണിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്.
6. സഹകരണ സംഘങ്ങളിലൂടെ 3 സെന്റും അതിന് മുകളിലും കൈവശ വസ്തു ഉള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ വായ്പ

അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

7. സ്വകാര്യ പണമിടപാടുകാരുടെയും അമിത പലിശക്കാരുടെയും ചൂഷണത്തിൽ നിന്ന് സാധാരണക്കാരെ വിമുക്തമാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക വായ്പാപദ്ധതി ആവിഷ്ക്കരിക്കുകയും നിലവിലുള്ള വായ്പാ വിതരണ വ്യവസ്ഥകളും, മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കുകയും ചെയ്തു. ഇതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
8. വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് നൽകുന്നതിന് സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു.

സെക്ഷൻ ഓഫീസർ